## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 829 — 13.6.2012 ന് മറുപടിയ്ക്ക്

### ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ., വനിതാ ഐ.ടി.ഐ. എന്നിവിടങ്ങളിൽ പുതുതായി ആരംഭിച്ച കോഴ്സുകൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ. വനിത ഐ.ടി.ഐ. എന്നിവിടങ്ങളിൽ പുതുതായി കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് പുതുതായി ആരംഭിക്കുന്നത് എന്നറിയിക്കുമോ; | (എ) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഐ.ടി.ഐ. കളുടെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ചാലക്കുടി വനിതാ ഐ.ടി.ഐ. യുടെ നിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇന്റീരിയർ ഡെക്കറേഷൻ ആന്റ് ഡിസൈനിംഗ്, ഫാഷൻ ടെക്നോളജി എന്നീ മൂന്നു ട്രേഡുകളും റീവാമ്പിംഗിന്റെ ഭാഗമായി ഇലക്ട്രോണിക് മെക്കാനിക് ട്രേഡും അധികമായി ആരംഭിക്കുന്നതിനും പദ്ധതി ഉണ്ട്. ഇതിൽ ഇലക്ട്രോണിക് മെക്കാനിക് ട്രേഡ് 2012 ആഗസ്റ്റിൽ എസ്.സി.വി.റ്റിയിൻ കീഴിൽ ആരംഭിക്കും. |
| (ബി) ചാലക്കുടി ഐ.ടി.ഐ. യ്ക്കായി പുതുതായി അനുവദിച്ച സ്ഥലം മതിൽകെട്ടി സംരക്ഷിക്കുന്നതിനും, പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട് അതിരു തർക്കം നിലനിൽക്കുന്നതിനാൽ അളന്നു തിട്ടപ്പെടുത്തി ലഭിച്ചിട്ടില്ല. താലൂക്ക് സർവ്വേ ഓഫീസുമായി ബന്ധപ്പെട്ട് നടപടി തുടർന്നു വരുന്നു. സ്ഥലം അളന്നു തിട്ടപ്പെടുത്തി ലഭിക്കുന്ന മുറയ്ക്ക് സ്ഥലം മതിൽകെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്, അതിനുശേഷം മാത്രമേ നടപടി സ്വീകരിക്കാൻ ആകൂ. |

സെക്ഷൻ ഓഫീസർ